**സ്വകാര്യ മെഡിക്കൽ കോളേജുകളിലെ ബിരുദാനന്തര ബിരുദ പഠനം**

131 (820) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്വാശ്രയ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ബിരുദാനന്തര ബിരുദ പഠനത്തിന് വിദ്യാർത്ഥികളെ ചേർക്കാൻ അനുവാദം നൽകേണ്ടത് സർക്കാരാണോ ;

(ബി) എങ്കിൽ പെർമിറ്റഡ് സീറ്റുകളിൽ ചേർന്ന് പഠിക്കുന്ന വിദ്യാർത്ഥികളുടെ കോഴ്സും പരീക്ഷയും പൂർത്തിയാക്കി കഴിഞ്ഞാലും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ കോഴ്സിന് അംഗീകാരം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം സ്ഥാപനങ്ങളിൽനിന്ന് പ്രസ്തുത ബിരുദ കോഴ്സ് പഠിച്ച് ജയിച്ചുവരുന്ന മെഡിക്കൽ പി.ജി. ബിരുദധാരികൾക്ക് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാത്ത സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്ന് ജയിച്ചുവരുന്നവർക്ക് രജിസ്ട്രേഷൻ നൽകുകയും സ്വകാര്യ സ്വാശ്രയ കോളേജുകളിൽ പഠിച്ചവർക്ക് അത് നൽകാതിരിക്കുകയും ചെയ്യുന്നത് നീതിയാണോ ;

(ഇ) മെഡിക്കൽ കൗൺസിൽ അംഗീകാരം, പെർമിറ്റഡ് സീറ്റ് ഏന്നിവ ഇല്ലാത്ത ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് മെഡിക്കൽ ബിരുദം നേടുന്നവർക്ക് പോലും രജിസ്ട്രേഷൻ നൽകിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) കേരള സർക്കാരിന്റെ അനുമതിയോടുകൂടി സർക്കാർ ക്വാട്ടയിൽ തന്നെ വിവിധ മെഡിക്കൽ കോളേജുകളിൽ പഠിച്ച് ജയിച്ചശേഷം ആരോഗ്യ സർവ്വകലാശാലയുടെ ബിരുദം ലഭിച്ച കുട്ടികൾക്ക് രജിസ്ട്രേഷൻ നിഷേധിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ആരോഗ്യസർവ്വകലാശാലയിൽനിന്ന് ബിരുദം, ബിരുദാനന്തരബിരുദം എന്നിവ സമ്പാദിച്ച എല്ലാവർക്കും ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ നൽകുന്നതിനാവശ്യമായ ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അതെ.

(ബി) ഉണ്ട്.

(സി) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമത്തിന്റെ 11(1) വകുപ്പുപ്രകാരം ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള, ഇന്ത്യയിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയോ മെഡിക്കൽ സ്ഥാപനമോ നൽകുന്ന യോഗ്യതകളാണ് അംഗീകൃത യോഗ്യതകൾ ആയിട്ടുള്ളത്. പ്രസ്തുത നിയമത്തിന്റെ 15-ാം വകുപ്പുപ്രകാരം ഇത്തരം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യതകൾക്ക് രജിസ്ട്രേഷൻ അനുവദിക്കാറുണ്ട്. പ്രസ്തുത നിയമത്തിന്റെ 11(2) വകുപ്പുപ്രകാരം ഇത്തരത്തിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യോഗ്യതകൾക്ക് രജിസ്ട്രേഷന് അർഹതയുണ്ട്.

(ഡി) രജിസ്ട്രേഷൻ അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ സ്ഥാപനമെന്നോ സ്വാശ്രയ സ്ഥാപനമെന്നോ ഉള്ള വിവേചനം നിലവിലില്ല. ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമത്തിന്റെ 10A അനുശാസിക്കുന്ന വിധമുള്ള അനുവാദം എല്ലാ സ്ഥാപനവും നേടിയിരിക്കേണ്ടത് അനിവാര്യമാണ്.

(ഇ) പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങളിൽനിന്നും നേടുന്നതുമായ യോഗ്യതകൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നത് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ നിബന്ധനകൾ പാലിച്ചുമാത്രമാണ്.

(എഫ്) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം കൗൺസിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നുണ്ട്.

(ജി) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമത്തിന്റെ 11(2) വകുപ്പുപ്രകാരം കേന്ദ്ര സർക്കാർ അംഗീകരിച്ച് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ യോഗ്യതകൾക്കും ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ നൽകി വരുന്നുണ്ട്. (എഫ്)-ൽ പരാമർശിച്ചിട്ടുള്ളകാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നുണ്ട്.

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ സംവരണം**

132 (821) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽകോളേജുകളിൽ സംവരണം ചെയ്തിട്ടുള്ള ഈഴവ, മുസ്ലീം പിന്നോക്ക ഹിന്ദു, പിന്നോക്ക ക്രിസ്ത്യൻ , ലാറ്റിൻ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് ഓരോ വർഷവും എത്ര സീറ്റുകളിൽ പ്രവേശനം നേടാൻ കഴിഞ്ഞുവെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ;